©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

# FIFTEENTH KERALA LEGISLATIVE ASSEMBLY

## സബ്ജക്ട് കമ്മിറ്റി XIV

## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

### 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്
(Presented on 19th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## HOME AFFAIRS

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

973/2022.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIV
# ആഭ്യന്തരകാര്യങ്ങൾ
# (2021-23)

**ഘടന**

<u>ചെയർമാൻ</u>

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ)-ന്റെ ഒന്നാമത് റിപ്പോർട്ട് 22-7-2021-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 11-4-2022, 18-7-2022 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2022 ജൂലൈ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**പിണറായി വിജയൻ,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2022, ജൂലൈ 18.

## റിപ്പോർട്ട്

### <u>ഭാഗം I</u>

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

<u>ശിപാർശ</u>

2013-00-101-99—<u>മന്ത്രിമാരുടെ ശമ്പളം</u>

01-4 —<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

മന്ത്രിമാരുടെ ശമ്പളം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 28,00,000 രൂപയായിരുന്നു. ഇതിൽ നിന്നും 24,56,029 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

<u>ശിപാർശ</u>

2013-00-104-99—<u>അതിഥി സൽക്കാര ചെലവുകൾ</u>

അതിഥി സൽക്കാര ചെലവുകൾ എന്ന ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 40,00,000 രൂപയായിരുന്നു. ഇതിൽ നിന്നും 35,98,457 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

ശിപാർശ

2013-00-800-97—എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള ചെലവുകൾ

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

എം.പി.മാരുടെ സമ്മേളനം സംബന്ധിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 1,89,000 രൂപയായിരുന്നു. ഇതിൽ നിന്നും 1,53,090 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

ശിപാർശ

2052 —സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വേതനം, ദിവസവേതനം, സ്ഥലം മാറ്റ ബത്ത, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 02– വേതനം | - | 30 ലക്ഷം രൂപ |
| 02-5– ദിവസവേതനം | - | 60 ലക്ഷം രൂപ |
| 04-2– സ്ഥലംമാറ്റ ബത്ത | - | 2 ലക്ഷം രൂപ |
| 05-3 – ടെലിഫോൺ ചെലവ് | - | 10 ലക്ഷം രൂപ |

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

02—വേതനം

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 91 ലക്ഷം രൂപയാണ്. ടി ശീർഷകത്തിലെ 1, 2, 3 എന്നീ ഉപ ശീർഷകങ്ങളിൽ ആകെ 1,31,20,364 രൂപ (യഥാക്രമം 1,08,54,299; 18,74,623; 3,91,442 രൂപ) ചെലവഴിച്ചിട്ടുണ്ട്.

02-5—ദിവസവേതനം

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 2,36,56,000 രൂപയാണ്. 9-2-2022-ലെ സ.ഉ. (സാധാ) നം.876/2022/ധന ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികതുകയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2,79,66,643 രൂപ ചെലവഴിച്ചിട്ടുണ്ട്.

04-2—സ്ഥലംമാറ്റ ബത്ത

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 8,19,000 രൂപയാണ്. 8-11-2021 തീയതിയിലെ സ.ഉ.(സാധാ) നം.7221/2021/ധന ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ 6,000 രൂപ അധികതുകയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 8,23,848 രൂപ ചെലവഴിച്ചിട്ടുണ്ട്.

05-3—ടെലിഫോൺ ചെലവ്

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 72,60,000 രൂപയായിരുന്നു. ഇതിൽ നിന്നും 69,04,881 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

ശിപാർശ

2052-00-090-95 —നിയമ വകുപ്പ്

01-6 —ഓവർടൈം അലവൻസ്

നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമ വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആണ് നൽകിയിരിക്കുന്നത് എന്നതിനാൽ 01-6 ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2052-00-090-95-05-4 —മറ്റിനങ്ങൾ

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും

26—ഔദ്യോഗിക ഭാഷ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും നിയമ വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയേതര ചെലവുകൾക്കായി ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 05-4 എന്ന ശീർഷകത്തിൽ 2.99 ലക്ഷം രൂപയും 21-2 എന്ന ശീർഷകത്തിൽ 1.40 ലക്ഷം രൂപയും 26 എന്ന ശീർഷകത്തിൽ 49,000 രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2052-00-090-95 —നിയമ വകുപ്പ്

45—പി.ഒ.എൽ

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിൽ ഇന്ധന ചെലവിനത്തിലേക്ക് നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ടിലെ 6, 7, 8 ക്രമ നമ്പർ ഖണ്ഡികകളിൽ പരാമർശിച്ച " 2052-00-090-95-016 – ഓവർടൈം അലവൻസ്" എന്ന ശീർഷകത്തിൽ 39.99 ലക്ഷം രൂപയും 2052-00-090-95-05-4-മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ 2.99 ലക്ഷം രൂപയും "2052-00-090-95-21-2 മോട്ടോർ വാഹനങ്ങൾ" സംരക്ഷണവും എന്ന ശീർഷകത്തിൽ 1.40 ലക്ഷം രൂപയും "2052-00-090-95-26 ഔദ്യോഗിക ഭാഷ" എന്ന ശീർഷകത്തിൽ 49,000 രൂപയും "2052-00-090-95-45-പി.ഒ.എൽ" എന്ന ശീർഷകത്തിൽ 1.85 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവാകണമെന്ന് 28-9-2021-ലെ 16104/അക്കൗണ്ട്സ് 4/2021/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു.

മേൽ പ്രകാരം അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ 3-11-2021-ലെ 7134/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമ വകുപ്പിലെ ജീവനക്കാർക്ക് Over Time Allowance അനുവദിക്കുന്നതിനു വേണ്ടി "2052-00-090-95-01-06-Over Time Allowance" എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധികധനാനുമതി വഴി ലഭ്യമാക്കിയിട്ടുള്ളതും 21-3-2022-ലെ 2088/2022/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,47,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേനയും ഉൾപ്പെടെ ആകെ 11,47,000 രൂപ "2052-00-090-95-01-06-Over Time Allowance" എന്ന കണക്ക് ശീർഷകത്തിൽ ലഭ്യമാക്കിയിരുന്നു.

11-3-2022-ലെ 1810/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "2052-00-090-95-21-2 മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും" എന്ന കണക്ക് ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ വഴി 35,000 രൂപയും അനുവദിച്ചിരുന്നു. 3-11-2021-ലെ 7134/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "2052-00-090-95-26 ഔദ്യോഗികഭാഷ" എന്ന ശീർഷകത്തിൽ 10,000 രൂപ അധിക ധനാനുമതി വഴി ലഭ്യമാക്കിയിട്ടുള്ളതാണ്. 5-8-2022-ലെ 5306/2022/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,30,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന "2052-00-090-95-45-പി.ഒ.എൽ" എന്ന കണക്ക് ശീർഷകത്തിൽ ലഭ്യമാക്കിയിരുന്നു.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം, തീയതി 16-7-2022)

<u>ശിപാർശ</u>

2052-00-090-73—<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ്- ഇൻ -എയ്ഡ്</u>

31 —<u>സഹായധനം -ശമ്പളം</u>

36 —<u>സഹായധനം-ശമ്പളേതരം</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ ശമ്പള ഇനത്തിൽ 21 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 16 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് ശമ്പള/ശമ്പളേതര ഇനങ്ങളിൽ 2021-22 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ പി.എ.ഡി.-എ 2/37/2021-പി.എ.ഡി, തീയതി 4-6-2022)

<u>ശിപാർശ</u>

2052-00-090-64—<u>കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യാന്റീൻ ജീവനക്കാർക്ക് വേതനം, ഗ്യാസ് സബ്സിഡി എന്നീ ഇനങ്ങളിലെ ചെലവ് നിർവ്വഹിക്കുവാൻ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 50,00,000 രൂപയായിരുന്നു. 2-2-2022 തീയതിയിലെ സ.ഉ. (സാധാ) നം. 610/2022/ധന ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയും 22-3-2022 തീയതിയിലെ സ.ഉ. (സാധാ) നം.2185/2022/ധന ഉത്തരവ് പ്രകാരം 2,39,000 രൂപയും അധിക തുകയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 62,38,076 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

<u>ശിപാർശ</u>

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി കമ്മീഷണർമാർ നിയമിതരായതിനാൽ ഇന്ധന ചെലവ്, സ്റ്റാന്റിംഗ് കൗൺസിലിന് നൽകാനുള്ള കുടിശ്ശിക തുക, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി, കമ്മീഷന്റെ ദൈനംദിന ചെലവുകൾ, കരാർ ജീവനക്കാരുടെ വേതനം, യാത്രാബത്ത, മോട്ടോർ

വാഹനങ്ങൾ വാങ്ങൽ എന്നീ ഇനങ്ങളിൽ ചെലവ് ആനുപാതികമായി വർദ്ധിച്ചതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

**സർക്കാർ സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷം കേരള സംസ്ഥാന വിവരാവകാശ കമ്മീഷന് 5.8516 കോടി രൂപയാണ് (നോൺപ്ലാൻ) ബജറ്റിൽ വകയിരുത്തിയിരുന്നത്. ടി ബജറ്റ് വിഹിതത്തിനുപുറമെ, കമ്മീഷനിലെ വിവിധ ചെലവുകൾക്കായി 22,64,000 (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തിനാലായിരം രൂപ) രൂപ അധികം ധനാനുമതി വഴി സംസ്ഥാന വിവരാവകാശ കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ.5/58/2022/പൊ.ഭ.വ., തീയതി 22-6-2022)

ശിപാർശ

2251-00-090-64—സെക്രട്ടേറിയറ്റ്

04-02—സ്ഥലംമാറ്റ ബത്ത

സെക്രട്ടേറിയറ്റിൽ സ്ഥലംമാറ്റബത്ത ഇനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 58,000 രൂപയായിരുന്നു. 4-6-2021 തീയതിയിലെ സ.ഉ. (സാധാ) നം. 4300/2021/ധന ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അധികതുകയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 4,91,316 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യൂ2/65/21/പൊ.ഭ.വ., തീയതി 19-4-2022)

ശിപാർശ

3451-00-090-99—സെക്രട്ടേറിയറ്റ്

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സെക്രട്ടേറിയറ്റിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 17,00,000 രൂപയായിരുന്നു. 27-3-2022 തീയതിയിലെ സ.ഉ. (സാധാ) നം. 2518/2022/ധന ഉത്തരവ് പ്രകാരം 4 ലക്ഷം രൂപ ധനപുനഃവിനിയോഗം മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 18,33,883 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

<u>ശിപാർശ</u>

3451-00-090-99—<u>സെക്രട്ടേറിയറ്റ്</u>

04-4—<u>അവധിയാത്രാനുകൂല്യം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവധിയാത്രാനുകൂല്യം ഇനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 4,50,000 രൂപയായിരുന്നു. ഇതിൽ നിന്നും 2,77,440 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ., തീയതി 19-4-2022)

<u>ശിപാർശ</u>

3451-00-090-98—<u>നിയമ വകുപ്പിന്റെ നവീകരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ നവീകരണത്തിനായി നിലവിൽ

വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 57 ലക്ഷം രൂപയായിരുന്നു. ഈ തുകയിൽ നിന്നും 2020-21 സാമ്പത്തിക വർഷം നിയമ വകുപ്പിലെ തുടർ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ Keltron-ന് നൽകുവാനുണ്ടായിരുന്ന 44,74,400 രൂപ (നാല്പത്തിനാലു ലക്ഷത്തി എഴുപത്തിനാലായിരത്തി നാന്നൂറ് രൂപ മാത്രം) 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറി നല്കിയതിനാൽ ഈ തുക അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. ആയതിൻ പ്രകാരം 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയും 27-11-2021-ലെ GO (Rt) No.7673/2021/ Fin നമ്പർ ഉത്തരവ് പ്രകാരം 15 ലക്ഷം രൂപ Additional Authorisation ആയി അനുവദിച്ചിട്ടുള്ളതുമാണ്. Keltron സമർപ്പിച്ച revised proposal പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 26,83,084 രൂപയുടെ ചെലവ് മാത്രമേ വരുവാൻ സാദ്ധ്യതയുള്ളൂ. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം Keltron-ന് നൽകുവാനുണ്ടായിരുന്ന 44,74,400 രൂപ ചെലവഴിച്ചതിന് ശേഷം ബാക്കിയുള്ള 12,25,600 രൂപയും ധനകാര്യ വകുപ്പിൽ നിന്നും 27-11-2021-ലെ GO (Rt) No.7673/2021/Fin നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 15,00,000 രൂപയും ചേർത്ത് 2021-22-ലെ പദ്ധതി ചെലവ് വഹിക്കുവാൻ കഴിയുമെന്നതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരം ഇനി ലഭ്യമാക്കുവാനുള്ള 30 ലക്ഷം രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം, തീയതി 16-7-2022)

ശിപാർശ

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ്

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ചതും പുതിയ ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിയതുമൂലമുള്ള അധിക ചെലവുകൾക്കായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 53.27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 199.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത്, ലഭ്യമായ വിഹിതത്തിന് പുറമെ 96.34 ലക്ഷം രൂപ ഈ ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ പനിവിനി1/32/2021/പനിവിനിവ, തീയതി 12-5-2022)

<u>ശിപാർശ</u>

3451-00-092-97—<u>സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റിന്റെ ആധുനികവൽക്കരണം</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആക്കം കൂട്ടാൻ ഉതകുന്ന നടപടികൾ ഉൾപ്പെടുത്തിയതിനാൽ ഈ ഇനത്തിൽ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടി എസ്.ഡി.ജി. വിഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ, എസ്.ഡി.ജി. ഡാഷ് ബോർഡ് വികസിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കാണ് ഒരു കോടി രൂപ ആവശ്യപ്പെട്ടത്. എന്നാൽ ഇവ തയ്യാറാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട എല്ലാവരുമായും ചർച്ചകൾ സംഘടിപ്പിക്കേണ്ടതുണ്ടായിരുന്നു. ഇതിനായി നിരവധി ശില്പശാലകൾ നടത്തേണ്ടിയിരുന്നത് കോവിഡ് നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം നടത്തുവാൻ സാധിച്ചില്ല. ആയതിനാൽ പ്രതീക്ഷിച്ച രീതിയിൽ തുക ചെലവഴിക്കുവാൻ സാധിച്ചില്ല. എന്നിരുന്നാലും, ബഡ്ജറ്റിൽ അനുവദിച്ച തുകയായ 63 ലക്ഷം രൂപയ്ക്ക് പുറമെ അധികമായി 13 ലക്ഷം രൂപ ആവശ്യപ്പെട്ട പ്രകാരം 27-3-2022-ലെ സ.ഉ(സാധാ) നം.2469/22/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും ലഭ്യമായ 76 ലക്ഷം രൂപയിൽ 74.76 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

(സർക്കാർ കത്ത് നമ്പർ പനിവിനി1/32/2021/പനിവിനിവ തീയതി 12-5-2022)

<u>ശിപാർശ</u>

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34—മറ്റ് ചെലവുകൾ

19. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും

നൽകുന്നതിനും വാഹനത്തിന്റെ വാടകയിനത്തിനും വകുപ്പിന്റെ വെബ്സൈറ്റ് നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും വാഹനത്തിന്റെ വാടകയിനത്തിനുമായി 2021-22 സാമ്പത്തിക വർഷത്തിൽ 3451-00-092-95-34-3 ശീർഷകത്തിൽ 2-7-2021-ലെ G.O.(Rt) No.4774/2021/Fin നമ്പർ ഉത്തരവ് പ്രകാരം 24,00,000 രൂപ (ഇരുപത്തിനാല് ലക്ഷം രൂപ) അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 29,67,000 രൂപ(ഇരുപത്തി ഒൻപത് ലക്ഷത്തി അറുപത്തിഏഴായിരം രൂപ) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ മതിയാകുന്നതാണ്.

(സർക്കാർ കത്ത് നമ്പർ ബി.പി.ഇ 3/156/2021 -PLGEA തീയതി 10-9-2021)

ശിപാർശ

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

34-3—മറ്റിനം

2021-22 ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 380 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

16-9-2021-ലെ സ.ഉ.(സാധാ) നം.5/2021/പി.എൽ.ജി. & ഇ.എ.(ഇറിഗേഷൻ) നമ്പർ ഉത്തരവ് പ്രകാരം 388,73,01,890 രൂപയുടെ (മുന്നൂറ്റി എൺപത്തിയെട്ട് കോടി എഴുപത്തിമൂന്ന് ലക്ഷത്തി ആയിരത്തി എണ്ണൂറ്റിതൊണ്ണൂറ് രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, 29-10-2021 ലെ സ.ഉ.(സാധാ) നം. 7013/2021/ധന നമ്പർ ഉത്തരവ് പ്രകാരം 146,23,07,000 രൂപ (നൂറ്റിനാല്പത്തിയാറ് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഏഴായിരം രൂപ മാത്രം) " 3451-00-092-92-34-3-മറ്റിനം (പ്ലാൻ-വോട്ടഡ്)" എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് നൽകേണ്ട

തുക ആവശ്യമായി വരുന്ന ഘട്ടത്തിൽ ഗഡുക്കളായി അനുവദിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ ഡി 2/137/2021 - പ്ലാനിംഗ് തീയതി 17-1-2022)

<u>ശിപാർശ</u>

3451-00-101-98—<u>ജില്ലാ വികസന കൗൺസിലും സംസ്ഥാന പ്ലാനിംഗ് ഉപദേശക ബോർഡും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർമാർക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപ്പുവർഷത്തെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 4 ഉപശീർഷകങ്ങളാണ് ഉള്ളത്. ഓരോ ഉപശീർഷകത്തിലും വിവിധ ജില്ലകൾക്ക് തുക പ്രസ്തുത ജില്ലകളുടെ ആവശ്യപ്രകാരം ആദ്യമേ തന്നെ ലഭ്യമായ തുകയിൽ നിന്നും (35 ലക്ഷം) അനുവദിച്ചു നൽകുന്ന പതിവാണ് ഉള്ളത്. അനുവദിച്ച തുകയുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ഈ വകുപ്പിലേക്ക് നൽകി വരുന്നുണ്ട്. എന്നാൽ, അനുവദിച്ച തുകയായ 35 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി എല്ലാ ജില്ലകളും (ഡി.ഡി.സി.മാർ ഉള്ള ജില്ലകൾ ഉൾപ്പെടെ) ചെലവ് നടത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ പനിവിനി1/32/2021/പനിവിനിവ തീയതി 12-5-2022 )

**<u>ശിപാർശ</u>**

3451-00-101-69—<u>സംസ്ഥാന പരിശീലന നയം -പരിശീലന പരിപാടി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന് (ഐ.എം.ജി.) 3451-00-101-69 ശീർഷകത്തിൽ എസ്.ടി.പി. ഗ്രാന്റ്-ഇൻ-എയ്ഡായി 1800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 12-7-2021 തീയതിയിലെ സ.ഉ.(സാധാ)നം.96/2021/ഉഭപവ. പ്രകാരം ഐ.എം.ജി.ക്ക് എസ്.ടി.പി. ഗ്രാന്റ്-ഇൻ.എയ്ഡ് എന്ന ശീർഷകത്തിൽ നാലര കോടി രൂപ റിലീസ് ചെയ്തു. എസ്.ടി.പി.യുടെ രണ്ടാം ഗഡുവായ 900 ലക്ഷം രൂപ 17-9-2021 തീയതിയിലെ സ.ഉ.(സാധാ) നം. 134/2021/ഉ.ഭ.പ.വ പ്രകാരം റിലീസ് ചെയ്തിട്ടുണ്ട്.

ബാക്കി തുക = 4.5 കോടി

[18 കോടി - (4.5+9)] =4.5 കോടി

2021-22 സാമ്പത്തിക വർഷത്തിലേക്കു TP,പ്ലാൻ (NS & ASSET) എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക മാത്രമേ ആവശ്യമുള്ളൂ എന്നും അധിക തുക ആവശ്യമില്ല എന്നും ഐ.എം.ജി. അറിയിച്ചതിനാൽ തുടർ നടപടികളുടെ ആവശ്യകത ഇല്ല.

(സർക്കാർ കത്ത് നമ്പർ 73/എ.ആർ. 13(1)/2021/ഉപഭവ തീയതി 19-4-2022 )

<u>ശിപാർശ</u>

2014-00-114-99—<u>ലാ ഓഫീസർമാർ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിലായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 2.46 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | **നിലവിലെ ബഡ്ജറ്റ് വിഹിതം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|---|
| 05-4 മറ്റിനങ്ങൾ | 73.5 ലക്ഷം രൂപ | 10 ലക്ഷം രൂപ |
| 34-3 മറ്റിനം | 6.237 കോടി രൂപ | 2 കോടി രൂപ |
| 99- വിവരസാങ്കേതികവിദ്യ | 1 ലക്ഷം രൂപ | 36 ലക്ഷം രൂപ |

(ഖണ്ഡിക 38)

## സർക്കാർ സ്വീകരിച്ച നടപടി

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ 2014-00-114-99- ലാ ഓഫീസർമാർ എന്ന ശീർഷകത്തിൽ അധിക വിഹിതമായി 1,85,87,000 രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചു.

1) 05- 4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 5,00,000 രൂപ 21-2-2022 തീയതിയിലെ സ.ഉ.(സാധാ)നം.1198/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 19-3-2022 തീയതിയിലെ സ.ഉ. (സാധാ) നം.2078/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 2,60,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ ഏഴു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)

2) 34-3 മറ്റിനം എന്ന ശീർഷകത്തിൽ 8,25,000 രൂപ 3-2-2022 തീയതിയിലെ സ.ഉ.(സാധാ) നം.709/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 28-2-2022 തീയതിയിലെ സ.ഉ. (സാധാ) നം.1401/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 55,00,000 അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ അറുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തയ്യായിരംമാത്രം.)

3) 99- വിവരസാങ്കേതിക വിദ്യ എന്ന ശീർഷകത്തിൽ 14,67,000 രൂപ 8-11-2022 തീയതിയിലെ സ.ഉ.(സാധാ) നം.7184/2021/ധനം നമ്പർ ഉത്തരവ് പ്രകാരം 16-12-2021 തീയതിയിലെ സ.ഉ. (സാധാ) നം.8184/2021/ധനം നമ്പർ ഉത്തരവ് പ്രകാരം 57,04,000 രൂപയും 11-1-2022 തീയതിയിലെ സ.ഉ.(സാധാ) നം.189/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 5,00,000 രൂപയും 25-3-2022 തീയതിയിലെ സ.ഉ.(സാധാ) നം.2377/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 38,31,000 രൂപയും അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ ഒരു കോടി പതിനഞ്ച് ലക്ഷത്തി രണ്ടായിരം രൂപ മാത്രം)

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം, തീയതി 16-7-2022)

## ശിപാർശ

2014-00-114-98 —ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ്, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതനം,

ഇന്ധനച്ചലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി, എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഹു. വിഷയനിർണ്ണയ സമിതിയുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ "2014-00-114-98" എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് 2-10-2021-ലെ 16397/എം.സി.1/2021/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും ആയത് പ്രകാരം 1,01,50,000 രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പ് അധിക ധനമായി അനുവദിച്ചിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം തീയതി 16-7-2022 )

<u>ശിപാർശ</u>

2014-00-114-93—<u>കേരള സംസ്ഥാന നിയമ സഹായ സമിതി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടേയും ഓഫീസ് ജീവനക്കാരുടേയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | **നിലവിലെ ബഡ്ജറ്റ് വിഹിതം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|---|
| 01-4 – മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 4 ലക്ഷം രൂപ | 4 ലക്ഷം രൂപ |
| 04-2– സ്ഥലംമാറ്റ ബത്ത | 1.53 ലക്ഷം രൂപ | 4.50 ലക്ഷം രൂപ |
| 04-4– അവധിയാത്രാനുകൂല്യം | 80,000 രൂപ | 4 ലക്ഷം രൂപ |
| 05-3 – ടെലിഫോൺ ചെലവ് | 4.7 ലക്ഷം രൂപ | 1 ലക്ഷം രൂപ |

| | | |
|---|---|---|
| 05-4– മറ്റിനങ്ങൾ | 6.3 ലക്ഷം രൂപ | 3 ലക്ഷം രൂപ |
| 06 – വാടക, കരം, നികുതി | 10 ലക്ഷം രൂപ | 17 ലക്ഷം രൂപ |
| 34– മറ്റു ചെലവുകൾ | 2.3814 കോടിരൂപ | 90 ലക്ഷം രൂപ |

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന വഴി സമിതി ശുപാർശ ചെയ്ത തുക അനുവദിക്കണമെന്ന് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പിൽ നിന്നും 17-2-2022 -ലെ സ.ഉ.(സാധാ) 1122/2022/ധന നമ്പർ ഉത്തരവ് പ്രകാരം,

2014-114-93-01-04 ശീർഷകത്തിൽ 3,23,000 രൂപയും

2014-114-93-04-02 ശീർഷകത്തിൽ 2,21,000 രൂപയും

2014-114-93-05-04 ശീർഷകത്തിൽ 3,00,000 രൂപയും

2014-114-93-06 ശീർഷകത്തിൽ 19,11,000 രൂപയും

2014-114-93-06-34-03 ശീർഷകത്തിൽ 1,59,00,000 രൂപയും ഉപധനാഭ്യർത്ഥന വഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം തീയതി 16-7-2022 )

2014-00-114-92—<u>സ്ഥിര ലോക അദാലത്ത്</u>

01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

05-4—<u>മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4– മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 2.50 ലക്ഷം രൂപ |
| 05-4– മറ്റിനങ്ങൾ | 1.50 ലക്ഷം രൂപ |

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്ത തുക അനുവദിക്കണമെന്ന് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പിൽ നിന്നും 19-2-2022-ലെ സ.ഉ.(സാധാ) 1173/2022/ധന നമ്പർ ഉത്തരവ് പ്രകാരം 2014-114-92-01-04 ശീർഷകത്തിൽ 84,000 രൂപയും 2014-114-92-05-04 ശീർഷകത്തിൽ 72,000 രൂപയും ഉപ-ധനാഭ്യർത്ഥന വഴി അനുവദിച്ച നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം തീയതി 16-7-2022 )

<u>ശിപാർശ</u>

2014-00-116-99—<u>കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, കെട്ടിടങ്ങളുടെ വാടക, വാഹനങ്ങളുടെ ഇന്ധനച്ചെലവ്, എൽ.റ്റി.സി. എന്നീ ആവശ്യങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4 - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 5.50 ലക്ഷം രൂപ |
| 04-4 - അവധിയാത്രാനുകൂല്യം | 5.60 ലക്ഷം രൂപ |
| 06 - വാടക, കരം, നികുതി | 8.03 ലക്ഷം രൂപ |
| 21-2 - മോട്ടോർ വാഹനങ്ങൾ | 4.01 ലക്ഷം രൂപ |
| 45 - പി.ഒ.എൽ | 3.65 ലക്ഷം രൂപ |

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

| | |
|---|---|
| 01-4- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് -5.50 ലക്ഷം രൂപ | പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4,50,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ 4,05,000 രൂപ മാത്രമാണ് അധികമായി ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുള്ളത്. |

| | |
|---|---|
| 04-4- അവധി യാത്രാനുകൂല്യം-5.60 ലക്ഷം രൂപ. | ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി5,40,000 രൂപ വകയിരുത്തിയിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ എൽ.റ്റി.സി അപേക്ഷകൾ തുലോം കുറവായതിനാൽ ആയതിൽ നിന്നും 1,50,968 രൂപ മാത്രമേ ചെലവായിട്ടുള്ളു. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടതായി വന്നിട്ടില്ല. |
| 06- വാടക, കരം, നികുതി - 8.03 ലക്ഷം രൂപ | പ്രസ്തുത ശീർഷകത്തിലേയ്ക്ക് 18,97,000 രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു .പ്രസ്തുത ശീർഷകത്തിൽ നിന്നും ഇതുവരെ 9,47,444 രൂപ മാത്രമേ ചെലവായിട്ടുള്ളു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം അഡീഷണൽ ബഞ്ച് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച ഒരു വ്യവഹാരം ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ മുഴുവൻ വാടകയും അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കേണ്ടതായി വന്നിട്ടില്ല. |
| 21-2- മോട്ടോർ വാഹനങ്ങൾ - 4.01 ലക്ഷം രൂപ | പ്രസ്തുത ശീർഷകത്തിലേയ്ക്ക് 2,99,000 രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. ആയതിന് പുറമേ 1,00,000 രൂപ അധിക ധനാഭ്യർത്ഥന വഴിയും 85,000 രൂപ റീഅപ്രോപ്രിയേഷൻ വഴിയും ആകെ 1,85,000 രൂപ അധികമായി അനുവദിച്ചിരുന്നു. ആയത് പര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കേണ്ടി വന്നിട്ടില്ല. |
| 45- പി.ഒ.എൽ- 3.65 ലക്ഷം രൂപ | ബഡ്ജറ്റ് വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 7,35,000 രൂപ വകയിരുത്തിയിരുന്നു. കൂടാതെ ധനാഭ്യർത്ഥനയിലൂടെ 1,00,000 രൂപയും അനുവദിക്കുകയുണ്ടായി. ആയത് പര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണ്ടി വന്നിട്ടില്ല. |

(സർക്കാർ കത്ത് നമ്പർ എ.ആർ 12-2/67/2021/ഉ.ഭ.പ.വ തീയതി 28-4-2022)

<u>ശിപാർശ</u>

2014-00-800-94—<u>നിയമസഹായ നിധി അംശദാനം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഹായ നിധിയ്ക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം കേരള നിയമ സഹായനിധിയുടെ " 2014-00-800-94" ശീർഷകത്തിൽ ബജറ്റ് ഗ്രാന്റായി 16 കോടി രൂപ അനുവദിച്ചതിൽ 4 കോടി രൂപ മാത്രമാണ് ലഭിച്ചിരുന്നത്. ബാക്കി തുകയായ 12 കോടി രൂപ ലഭ്യമാക്കാൻ ധനകാര്യ (എക്സ്പെൻഡിച്ചർ)-ബി വകുപ്പിനോട് 4-2-2021-ലെ 1613/കെ.എൽ.ബി.എഫ്1/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നതും ധനകാര്യവകുപ്പ് 2020-21 വർഷത്തിന്റെ അവസാനം 4 കോടി രൂപ റിലീസ് ചെയ്യുന്നതിന് 24-3-2021-ലെ 860448/വ്യയം-ബി2/369/2018-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന അനുമതി നല്കിയിരുന്നതും എന്നാൽ BIMS സോഫ്റ്റ് വെയർ പ്രവർത്തിക്കാത്തതുകാരണം 31-3-2021 നുള്ളിൽ സമർപ്പിക്കാൻ സാധിക്കാതെ വരികയും തുടർന്ന് 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 18 കോടി നാൽപത് ലക്ഷം രൂപയിൽ നിന്നും ആദ്യഗഡുവായി അനുവദിച്ച 6 കോടി ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപ (18 കോടി നാല്പത് ലക്ഷം രൂപയുടെ 33 ശതമാനം)യിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ രണ്ടാം ഗഡുവായി നിയമസഹായനിധിയിലേക്ക് ലഭ്യമാക്കേണ്ടിയിരുന്ന 4 കോടി രൂപ ചെലവഴിക്കാൻ അനുമതി ലഭിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം തീയതി 16-7-2022)

<u>ശിപാർശ</u>

2014-00-800-80—<u>കേരള നിയമപരിഷ്കരണ കമ്മീഷൻ</u>

97—<u>വാഹനങ്ങളുടെ വാടക</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയത്ത് വച്ച് നടക്കുന്ന മീറ്റിംഗുകൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനാൽ വാടകനിരക്ക് നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 52-ൽ പരാമർശിച്ച“2014-00-800-80-97 വാഹനങ്ങളുടെ വാടക” എന്ന ബഡ്ജറ്റ് കണക്ക് ശീർഷകത്തിൽ അധികതുക അനുവദിച്ച് ഉത്തരവാകണമെന്ന് 28-9-2021-ലെ 16068/സ്പെഷ്യൽ-സെൽ/2021/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 3-2-2022 തീയതിയിലെ സ.ഉ.(സാധാ)നം.705/2022/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,48,000 രൂപ (ഒരു ലക്ഷത്തി നാല്പത്തി എണ്ണായിരം രൂപ മാത്രം) അധിക ധനവ്യയ അനുമതി മുഖേന കേരള നിയമപരിഷ്കരണ കമ്മീഷന് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം തീയതി 16-7-2022)

ശിപാർശ

2015—തെരഞ്ഞെടുപ്പുകൾ

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർണ്ണയിക്കാൻ പര്യാപ്തമല്ലെന്നും 2020-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തുതീർക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിലേയ്ക്കും മറ്റ് ചെലവുകൾക്കുമായി അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

24-6-2021-ലെ G.O.(Rt)No./4658/FIN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2020 പൊതുതിരഞ്ഞെടുപ്പിലെ ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിന് 2,33,68,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചുകിട്ടിയിട്ടുണ്ട്. അനുവദിക്കപ്പെട്ട തുക വരാൻ പോകുന്ന ഉപതിരഞ്ഞെടുപ്പുകൾ ഉൾപ്പെടെയുള്ള ചെലവുകൾക്ക് പര്യാപ്തമാണെന്ന് പ്രതീക്ഷിക്കുന്നു.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/93/2021-തസ്വഭവ തീയതി 13-12-2021)

<u>ശിപാർശ</u>

2055 —<u>പോലീസ്</u>

2055-00-001 -99—<u>മേൽനോട്ടം</u>

04—<u>യാത്രാ ചെലവുകൾ-1 യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലേയും, റേഞ്ച് ഐ. ജി. ഓഫീസിലേയും യാത്രാ ബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30.95 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

<u>ശിപാർശ</u>

2055-00-001 -99—<u>ഓഫീസ് ചെലവുകൾ</u>

05-2—<u>വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 12.7660 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

9-2-2022-ലെ ബി 1-57400/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം ഈ ശീർഷകത്തിൽ 2,28,80,000 രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ G.O (Rt) No.2139/2022/Fin dtd 21-3-2022 പ്രകാരം 1 കോടി രൂപ അധിക തുകയായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ശിപാർശ

05-3—ടെലിഫോൺ ചാർജ്ജ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ലഭ്യമാക്കിയ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 2.165 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

G.O.(Rt) No.6443/2021/Fin dtd 1-10-2021 പ്രകാരം 2,79,62,074 രൂപയും GO(Rt) No.1914/2022/Fin dtd 16-3-2021 പ്രകാരം 1,59,04,000 രൂപയും GO(Rt) No.2473/2022/Fin dtd 27-3-2022 പ്രകാരം 2,24,37,000 രൂപയും ആകെ 6,63,03,074 രൂപ അധിക തുകയായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ശിപാർശ

05-4—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

GO(Rt) No.102/2022/Fin dtd 6-1-2022 പ്രകാരം 30,59,000 രൂപ അധിക തുകയായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ശിപാർശ

2055-00-001 -99-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 32.82 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

G.O (Rt) No.3505/2021/Fin dtd 15-4-2022 പ്രകാരം 50,52,000 രൂപയും G.O (Rt) NO. 3998/2021/Fin dtd 14-5-2021 പ്രകാരം 6,20,000 രൂപയും അധിക തുകയായി അനുവദിച്ചിരുന്നു.കൂടാതെ G.O (Rt) No.6172/2021/Fin dtd 18-9-2021 പ്രകാരം 14,43,000 രൂപ ഹെലികോപ്റ്ററിന്റെ വാടകയിനത്തിലും G.O(Rt) No. 725/2022/Fin dtd 5-2-2021 പ്രകാരം 12,10,000 രൂപയും അധിക തുകയായി അനുവദിച്ചിരുന്നു. ആകെ അനുവദിച്ച തുക 83,25,000 രൂപ.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ശിപാർശ

2055-00-001 -99-15—രഹസ്യ സേവന ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മരാമത്തു പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 3.58 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

GO(Rt) No.7712/2021/Fin dtd 29-11-2021 പ്രകാരം 50,00,000 രൂപ അധിക തുകയായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ശിപാർശ

2055-00-001 -99-17—ചെറുകിട മരാമത്ത് പണികൾ

പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലെയും റേഞ്ച് ഐ.ജി. ഓഫീസിലേയും മരാമത്ത് പണികൾക്കായി ഈ ഇനത്തിൽ വകയിരുത്തിയ തുക

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20.8999 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് മഹാമാരി കാരണം ചെറുകിട മരാമത്ത് പണികൾ നടത്താൻ സാധിച്ചില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ശിപാർശ

2055-00-001 -99-18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)


17— ചെറുകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജയിലുകളിലെ മരാമത്തു പണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി ഒരു കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

ശിപാർശ

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന്

34-3—മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും ഉടൻ പ്രവർത്തനം ആരംഭിക്കുന്ന തവനൂർ സെൻട്രൽ പ്രിസണിൽ ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി 56 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. (ടി തുകയിൽ 16.90 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല).

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

ശിപാർശ

2056-00-001-89—സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Implementation of TETRA Communication System in Central Prisons (Non-Plan) എന്ന ശീർഷകത്തിൽ ടോക്കൺ തുക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി 4,18,000 രൂപ അനുവദിക്കുകയുണ്ടായി. ലഭിച്ച അധിക തുക പൂർണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

ശിപാർശ

2056-00-101-99—ജയിലുകൾ

05-1—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ ബാഹുല്യം നിമിത്തം ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം വളരെ കൂടുതലായതിനാൽ വെള്ളക്കരം ഇനത്തിൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ മുഖേന 40 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കുകയും 21-3-2022-ലെ ജി.ഒ.(ആർ.റ്റി.) നം.2070/2022/ഫിൻ പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(എന്നാൽ ടി ഉത്തരവ് 31-3-2022-ന് മാത്രമാണ് ജയിൽ വകുപ്പിൽ ലഭ്യമായത് എന്നതിനാൽ ടി തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല.)

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

<u>ശിപാർശ</u>

2056-00-101-99— <u>ജയിലുകൾ</u>

34-3— <u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്നിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി ഒരു കോടി രൂപ അനുവദിച്ചു. അധികമായി അനുവദിച്ച തുക പൂർണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

<u>ശിപാർശ</u>

2056-00-101-99—<u>ജയിലുകൾ</u>

45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരുടെ ആശുപത്രി/കോടതി യാത്രകൾക്കും ജയിൽ വാഹനം ഉപയോഗിക്കുന്നതിനാലും ചില ജയിലുകളിൽ കാർഷിക ആവശ്യത്തിനായി ട്രാക്ടറും ജെ.സി.ബി.-യും ഉപയോഗിക്കുന്നതിനാലും ഇന്ധന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇന്ധന വിലയിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന വഴി 20 ലക്ഷം രൂപ അനുവദിച്ചു. അധികമായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

ശിപാർശ

2056-00-101-99— ജയിലുകൾ

56— ഭക്ഷണവും ധനസഹായവും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ റേഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ലാത്തതിനാൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ്, മിൽമ, ഗ്യാസ് ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങേണ്ടി വരുന്നുവെന്നതും തടവുകാരുടെ ബാഹുല്യവും ആഹാരസാധനങ്ങളുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയും കണക്കാക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

ശിപാർശ

2056-00-101-97—ദക്ഷിണ മേഖല ജയിലുദ്യോഗസ്ഥരുടെ പരിശീലന കേന്ദ്രത്തിനുള്ള വിഹിതം

10—സംഭാവന

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദക്ഷിണ മേഖലയിലെ ജയിലുദ്യോഗസ്ഥരുടെ പരിശീലനത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം തീയതി 4-5-2022)

ശിപാർശ

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ഐ.എ.എസ്. ഓഫീസർമാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഐ.എം.ജി., എൽ.ബി.എസ്., എൻ.എ.എ. എന്നിവയ്ക്ക് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

സർക്കാർ സ്വീകരിച്ച നടപടി

'2070-00-003-99-ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം' എന്ന ശീർഷകത്തിലേക്ക് 12-7-2021 തീയതിയിലെ സ.ഉ.(സാധാ.) നം.4293/2021/ധന. പ്രകാരം 63,00,000 രൂപ അധിക വിഹിതമായി അനുവദിച്ചിട്ടുണ്ട്. അത് പ്രകാരം '2070-00-003-99 ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം എന്ന ശീർഷകത്തിൽ നിലവിൽ 93 ലക്ഷം രൂപ 2021-2022 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ.ഐ.എസ്-എ 2/254/2021-പൊ.ഭ.വ., തീയതി 25-10-2021)

ശിപാർശ

2070-00-003-97—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പളവും ഇ.പി.എഫ്., ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ് തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12.4248 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സർക്കാർ സ്വീകരിച്ച നടപടി

2070-00-003-97-35 (പ്ലാൻ) ശീർഷകത്തിൽ 2.75 കോടി രൂപയും 2070-00-003-97-36 (പ്ലാൻ) ശീർഷകത്തിൽ 2.75 കോടി രൂപയും 2070-00-003-97-31 (നോൺ പ്ലാൻ) ശീർഷകത്തിൽ 737.96 ലക്ഷം രൂപയും ഗ്രാന്റ്-ഇൻ-എയ്ഡായി അനുവദിച്ചിട്ടുണ്ട്.

ഗ്രാന്റ്-ഇൻ-എയ്ഡിന്റെ ആദ്യ ഗഡു ഇനത്തിൽ 2070-00-003-97-35 (പ്ലാൻ), 2070-00-003-97-36 (പ്ലാൻ) ശീർഷകങ്ങളിൽ 68.75 ലക്ഷം രൂപ വീതം ആകെ 137.5 ലക്ഷം രൂപയും 2070-00-003-97-31 (നോൺ പ്ലാൻ) ശീർഷകത്തിൽ 1,84,49,000 രൂപയും അനുവദിച്ചിട്ടുണ്ട്. അധിക തുക ആവശ്യമില്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാന്റ് ഇൻ എയ്ഡിന്റെ രണ്ടാം ഗഡു ഇനത്തിൽ 2070-00-003-97-35 (പ്ലാൻ), 2070-00-003-97-36 (പ്ലാൻ) ശീർഷകങ്ങളിൽ 1,37,50,000 വീതം രൂപയും 2070-00-003-97-31 (നോൺ പ്ലാൻ) ശീർഷകത്തിൽ 3,68,98,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ബാക്കി തുക പ്ലാൻ: 1.375 കോടി രൂപ

നോൺ പ്ലാൻ: 1.8449 കോടി രൂപ

(സർക്കാർ കത്ത് നമ്പർ 73/എ.ആർ13(1)/2021/ഉ.ഭ.പ.വ. തീയതി 19-4-2022)

ശിപാർശ

2070-00-003-97—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം-ശമ്പളേതരം

ഐ.എം.ജി.-യുടെ തിരുവനന്തപുരത്തും കൊച്ചിയിലും, കോഴിക്കോട്ടും ഉള്ള മേഖലാ കേന്ദ്രങ്ങളിലെ ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യം മെച്ചപ്പെടുത്തുക, പരിശീലന ഉപകരണങ്ങൾ മെച്ചപ്പെടുത്തുകയും പുതിയത് വാങ്ങുകയും ചെയ്യുക, പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ സർക്കാർ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനവും ഓറിയന്റേഷൻ പരിശീലനവും കൂടാതെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കായുള്ള പരിശീലന പരിപാടികളും നടപ്പിലാക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

സർക്കാർ സ്വീകരിച്ച നടപടി

2021-2022 സാമ്പത്തിക വർഷത്തിലേക്ക് TP, പ്ലാൻ (NS & ASSET) എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക മാത്രമേ ആവശ്യമുള്ളൂ എന്നും അധിക തുക ആവശ്യമില്ല എന്നും ഐ.എം.ജി. അറിയിച്ചതിനാൽ തുടർനടപടികളുടെ ആവശ്യകത ഇല്ല.

(സർക്കാർ കത്ത് നമ്പർ 73/എ.ആർ13(1)/2021/ഉ.ഭ.പ.വ. തീയതി 19-4-2022)

ശിപാർശ

2070-106-99—സിവിൽ ഡിഫൻസ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിവിൽ ഡിഫൻസ് വോളന്റിയർമാരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനം നൽകുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിവിൽ ഡിഫൻസ് വോളന്റിയർമാരുടെ പരിശീലനത്തിന് ചെലവായ തുക നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം 1 കോടി രൂപ 2070-00-106-99-34-3- മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ലഭ്യമാക്കുവാൻ വകുപ്പ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം ടി തുക അനുവദിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിച്ച ശിപാർശ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് മേധാവി പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്2/388/2021-ആഭ്യന്തരം തീയതി 2-6-2022)

ശിപാർശ

2070-00-107-99—ഹോംഗാർഡ്സ്

02-5—ദിവസവേതനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുന്നതിനായി നിലവിലുള്ള ഹോംഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഹോംഗാർഡുമാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയ തുക കൊണ്ട് അടുത്ത സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹോംഗാർഡുകൾക്ക് 2021-2022 സാമ്പത്തിക വർഷത്തിലെ വേതനം പൂർണ്ണമായി നൽകുന്നതിന് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ 7.5 കോടി രൂപ കൂടി അഡീഷണൽ ഫണ്ടായി സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.1030/2022/ധന. തീയതി 14-2-2022 പ്രകാരം ലഭ്യമാക്കുകയും 2022 മാർച്ചിലെ അവസാന ഉപധനാഭ്യർത്ഥനയിൽ ടി തുക റഗുലറൈസ് ചെയ്തിട്ടുള്ളതുമാണ്. ഈ തുക ഉപയോഗിച്ച് ഹോംഗാർഡുകൾക്ക് വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്. ഹോംഗാർഡുകളുടെ എണ്ണം 3000 ആയി തുടരുന്നു.

(സർക്കാർ കത്ത് നമ്പർ എഫ്2/388/2021-ആഭ്യന്തരം തീയതി 2-6-2022)

<u>ശിപാർശ</u>

2070-00-108-99—<u>അഗ്നിപ്രതിരോധവും നിയന്ത്രണവും - ഭരണവും നടത്തിപ്പും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ, യൂണിഫോം, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വകുപ്പിൽ നടപ്പിലാക്കുന്നതിന് 1.03 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് വകുപ്പ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും പരമാവധി ചെലവ് ചുരുക്കിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് പുതുക്കിയ ശിപാർശ നൽകാൻ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ നൽകുവാൻ കെൽട്രോണിനോട് വകുപ്പ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ശിപാർശ സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്2/388/2021-ആഭ്യന്തരം തീയതി 2-6-2022)

<u>ശിപാർശ</u>

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

01—<u>ജില്ലാ ജീവനക്കാർ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിലവിലെ യാത്രാബത്ത

കുടിശ്ശികകൾ, വെള്ളക്കരം, ടെലിഫോൺ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 04-01-യാത്രാബത്ത ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.7717/2021/ധന. തീയതി 30-11-2021 പ്രകാരം 1,00,00,000 (ഒരു കോടി) രൂപയും സർക്കാർ ഉത്തരവ് (ആർ.റ്റി.)നം.2077/2022/ധന. തീയതി 20-2-2022 പ്രകാരം 45,00,000 (നാൽപ്പത്തിയഞ്ച് ലക്ഷം) രൂപയും അഡീഷണൽ ഫണ്ടായി അനുവദിക്കുകയും ടി തുകയ്ക്കുള്ള ജീവനക്കാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകിയിട്ടുള്ളതുമാണ്. 21 മോട്ടോർ വാഹനങ്ങൾ-2-റിപ്പയർ ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.264/2022/ധന. തീയതി 13-1-2022 പ്രകാരം 40,00,000 (നാൽപ്പത് ലക്ഷം) രൂപ അഡീഷണൽ ഫണ്ടായി അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. 45-പി.ഒ.എൽ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.264/2022/ധന. തീയതി 13-1-2022 പ്രകാരം 50,00,000 (അൻപത് ലക്ഷം) രൂപയും സർക്കാർ ഉത്തരവ് (ആർ.ടി.)നം.1952/2022/ധന. തീയതി 17-3-2022 പ്രകാരം 50,00,000(അൻപത് ലക്ഷം) രൂപയും അഡീഷണൽ ഫണ്ടായി അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്2/388/2021-ആഭ്യന്തരം തീയതി 2-6-2022)

<u>ശിപാർശ</u>

2070-00-108-97—<u>പരിശീലനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ യാത്രാബത്ത, ഓഫീസ് ചെലവുകൾ, വെള്ളക്കരം, മോട്ടോർ വാഹനങ്ങൾ, ചെറുകിട മരാമത്തുപണികൾ, മറ്റിനങ്ങൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.085 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 04-02-ട്രാൻസ്ഫർ ടി.എ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.8535/2021/ധന. തീയതി 31-12-2021 പ്രകാരം 80,000(എൺപതിനായിരം) രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്. 21-മോട്ടോർ വാഹനങ്ങൾ-2 റിപ്പയർ ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.264/2022/ധന. തീയതി 13-1-2022 പ്രകാരം 25,000(ഇരുപത്തി അയ്യായിരം) രൂപ അഡീഷണൽ ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്.

34-3-മറ്റിനങ്ങൾ ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 264/2022/ധന. തീയതി 13-1-2022 പ്രകാരം 2,50,000(രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപ അഡീഷണൽ ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. 45-പി.ഒ.എൽ. ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 264/2022/ധന. തീയതി 13-1-2022 പ്രകാരം 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അഡീഷണൽ ഫണ്ടായി ലഭ്യമാക്കുകയും ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്2/388/2021-ആഭ്യന്തരം തീയതി 2-6-2022)

## ശിപാർശ

2070-00-119-98-(02)—ഔദ്യോഗിക ഭാഷാ കമ്മീഷൻ-വേതനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേ-റിവിഷൻ സംബന്ധിച്ച ശമ്പള വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

(04)—യാത്രാ ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഉദ്യോഗസ്ഥർക്ക് എൽ.ടി.സി. ഇനത്തിലും യാത്രാച്ചെലവിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 99,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

(05)—<u>ഓഫീസ് ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയവയ്ക്ക് അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

(06)—<u>വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ലഭ്യമാക്കുവാൻ 16122/Admn1(3)/2021/Law dated 25-9-2021 (e-5474272/2021/OS-LAW dated 25-9-2021) പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ലാത്തതാകുന്നു.

(സർക്കാർ കത്ത് നമ്പർ 13189/പാർല./2022/നിയമം തീയതി 16-7-2022)

<u>ശിപാർശ</u>

2070-00-119-97—<u>ഭരണഭാഷ നടപ്പാക്കൽ</u>

05-4—<u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഔദ്യോഗികഭാഷാ ആക്റ്റിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ

ബോധവൽക്കരിക്കൽ, ഭാഷാമാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ, ഔദ്യോഗിക ഭാഷാ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കൽ, ഭരണഭാഷാവാരാഘോഷം, ഭാഷാ സഹായ ഗ്രന്ഥങ്ങൾ വാങ്ങി നൽകൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 2.1 ലക്ഷം രൂപയാണ് "2070-00- 119-97-05-4- മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ ഔദ്യോഗികഭാഷാ വകുപ്പിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിൽ നവംബർ ദിനാഘോഷം, ഭരണഭാഷാവാരാഘോഷം, മാതൃഭാഷാ ദിനാഘോഷം, ഔദ്യോഗികഭാഷാ ആക്റ്റിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ, ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ തുടങ്ങി വകുപ്പിന്റെ പ്രവർത്തനങ്ങൾ മുൻവർഷങ്ങളിലേതുപോലെ സംഘടിപ്പിക്കുവാൻ സാധിക്കാതിരുന്നതിനാൽ ഈ ശീർഷകത്തിൽ നിന്ന് 6,725 രൂപ (ആറായിരത്തി എഴുന്നൂറ്റി ഇരുപത്തഞ്ച് രൂപ) മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. നീക്കിയിരിപ്പുണ്ടായിരുന്ന 2,03,275 രൂപ (രണ്ട് ലക്ഷത്തി മൂവായിരത്തി ഇരുനൂറ്റി എഴുപത്തിയഞ്ച് രൂപ) സറണ്ടർ ചെയ്തു. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെടാത്തതിനാൽ അധിക തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ഔ.ഭാ.1/8/2022/പി&എ.ആർ.ഡി. തീയതി 30-4-2022)

<u>ശിപാർശ</u>

4059-01-051-55-16—<u>കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മാണവും നിലവിലുള്ള കെടത്തിന്റെ നവീകരണവും- വൻകിട മരാമത്ത് പണികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ

നവീകരണത്തിനും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7,21,52,385 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4059-01-051-55-16- വൻകിട മരാമത്ത് പണികൾ - പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റിൽ വിഹിതമായി 1,00,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സാഹചര്യം കണക്കിലെടുത്ത് പുതിയ നിർമ്മാണ പദ്ധതികൾ അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നും ആയതിനാൽ പദ്ധതി തുകയിൽ കുറവ് വരുത്തിക്കൊണ്ട് പുതിയ ശിപാർശ സമർപ്പിക്കുകയോ അതിന് സാധ്യമല്ലാത്തപക്ഷം നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ശിപാർശ നടപ്പ് സാമ്പത്തിക വർഷം സമർപ്പിക്കുവാനും ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തതിൻ പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ നിർവാഹമില്ല.

(സർക്കാർ കത്ത് നമ്പർ എ.ആർ12-2/67/2021/ഉ.ഭ.പ.വ. തീയതി 28-4-2022)

<u>ശിപാർശ</u>

2075-00-800-92—<u>പലവക-മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 149)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 3,00,000 രൂപയായിരുന്നു. ഇതിൽ നിന്നും 1,76,107 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ട ആവശ്യകത ഉണ്ടായില്ല. 2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് (ചാർജ്ഡ്) വിഹിതം 1,00,000 രൂപയായിരുന്നു. ഇതിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി-ഡബ്ല്യൂ2/65/21/പൊ.ഭ.വ. തീയതി 19-4-2022)

ശിപാർശ

2220-01-001-97—സൂക്ഷ്മപരിശോധനാ വിഭാഗത്തിന്റെ

ശാക്തീകരണവും ആധുനികവൽക്കരണവും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ന്യൂസ് പേപ്പർ കട്ടിംഗ് മാനേജ്മെന്റ് സംവിധാനത്തിന് ഉതകുന്ന സോഫ്റ്റ്‌വെയർ, പുറം കരാർ വ്യവസ്ഥയിൽ ലഭിച്ചുവരുന്ന സേവനങ്ങൾക്ക് വന്നേയ്ക്കാവുന്ന വാർഷിക വർദ്ധനവ് എന്നിവയ്ക്ക് അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 153)

സർക്കാർ സ്വീകരിച്ച നടപടി

ന്യൂസ് പേപ്പർ ഡിജിറ്റലൈസേഷൻ പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ന്യൂസ് പേപ്പർ കട്ടിംഗ് മാനേജ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് ഉതകുന്ന സോഫ്റ്റ്‌വെയർ സ്ഥാപിക്കാൻ 20 ലക്ഷം രൂപ അധികമായി ആവശ്യമായിരുന്നുവെങ്കിലും കോവിഡ് 19-ന്റെ പ്രത്യേക പശ്ചാത്തലത്തിൽ ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

ശിപാർശ

2220-01-001-95—ന്യൂസ് ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതലായി പുറം ജോലി വ്യവസ്ഥയിൽ മനുഷ്യവിഭവശേഷി സേവനം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 154)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പ്രിസം പുതിയ പാനൽ രൂപീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ പുതിയ പാനൽ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

പാലിച്ച് 2022 ഫെബ്രുവരിയിലാണ് പ്രാബല്യത്തിൽ വന്നത്. ആയതിനാൽ പുറംജോലി വ്യവസ്ഥയിൽ മനുഷ്യവിഭവശേഷി സേവനം ആവശ്യമാകാതിരുന്ന സാഹചര്യത്തിൽ അധികം തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

ശിപാർശ

2220-01-105-98—വീഡിയോ ഡോക്യുമെന്ററി ചിത്രങ്ങളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിയോ വീഡിയോ അധിഷ്ഠിത ഡോക്യുമെന്ററി ചിത്ര നിർമ്മാണത്തിന് പുറംജോലി കരാർ മാർഗ്ഗത്തിലൂടെയും, വിഷയ നൈപുണ്യമുള്ളവരുടെ സേവനവും കണക്കിലെടുത്ത്, ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 155)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെട്ട ടെലിവിഷൻ റേഡിയോ പരിപാടികൾ കോവിഡ് സാഹചര്യങ്ങൾ മൂലം സാമ്പത്തിക വർഷാദ്യം മുതൽ ആരംഭിക്കാനാകാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

ശിപാർശ

2220-60-101-98—പ്രചരണ സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.7050 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 156)

സർക്കാർ സ്വീകരിച്ച നടപടി

3.7050 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശയിന്മേൽ ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ പുതിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ സഹിതം ആവശ്യമായ തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കാൻ ധനവകുപ്പ് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സർക്കാരിന്റെ പുതിയ പദ്ധതിയായ കെ-റെയിൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട 'സിൽവർ ലൈൻ അറിയേണ്ടതെല്ലാം' എന്ന പുസ്തകത്തിന്റെ അച്ചടിക്കൂലി നൽകുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി ടി തുക വകയിരുത്തുന്നതിന് ധനകാര്യവകുപ്പിലേക്ക് 107/2021/ഐ & പിആർ. നമ്പർ ഫയൽ അയയ്ക്കുന്നതിന് സമർപ്പിച്ചിരുന്നുവെങ്കിലും അടുത്ത സാമ്പത്തിക വർഷം കൃത്യമായ വിവരങ്ങൾ സഹിതം ഫയൽ പ്രസ്തുത വകുപ്പിലേക്ക് അയയ്ക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

ശിപാർശ

2220-60-101-97-01—പരസ്യത്തിനുള്ള ചെലവുകൾ-അച്ചടി മാധ്യമം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ-നോൺ ടെൻഡർ കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 157)

സർക്കാർ സ്വീകരിച്ച നടപടി

ബില്ലുകൾ സമർപ്പിക്കുന്നതിൽ പത്രമാധ്യമ സ്ഥാപനങ്ങൾ കാലതാമസം വരുത്തിയതു കാരണവും ധനവകുപ്പിന്റെ ചെലവ് നിയന്ത്രണങ്ങൾ കാരണവും ബഡ്ജറ്റ് വിഹിതം പൂർണമായി ചെലവഴിക്കാനായില്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

ശിപാർശ

2220-60-109-99 —ദൃശ്യ പ്രചരണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ ഫോട്ടോഗ്രാഫർമാരെ നിയോഗിച്ചാണ് സർക്കാർ പരിപാടികളുടെ ചിത്രങ്ങൾ എടുക്കുന്നതെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 158)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

8-3-2022-ലെ സ.ഉ.(സാധാ)നം.1654/2022/ധന. പ്രകാരം 10 ലക്ഷം രൂപ ഈ ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം മുഖേന അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-109-98—<u>വീഡിയോ പ്രചരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുറം ജോലി കരാർ വ്യവസ്ഥയിൽ വീഡിയോ പ്രൊഡക്ഷൻ നിർവ്വഹിക്കുന്നതിന് ഉണ്ടായേക്കാവുന്ന സർവ്വീസ് ചാർജ്ജ് വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 159)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പിന്റെ പദ്ധതി ചെലവ് നിയന്ത്രണങ്ങൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണമായും വിനിയോഗിക്കാൻ സാധിച്ചില്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-800-97—<u>പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 160)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അവശ പത്രപ്രവർത്തക/അവശ പത്രപ്രവർത്തക ആശ്രിത പെൻഷൻ കുടിശ്ശികയിനത്തിൽ നൽകേണ്ടിയിരുന്ന തുക സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-800-91—<u>കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം, 1993</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.4170 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 161)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 14-2-2022 തീയതിയിലെ സ.ഉ (സാധാ.) നം.1017/ 2022/ധന. പ്രകാരം 65,60,000 രൂപ അനുവദിച്ചു. 2022 മാർച്ച് മാസം വരെയുള്ള പെൻഷൻ നൽകുന്നതിന് ഇത് പൂർണ്ണമായും വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-800-89—<u>പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷനും കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 162)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 14-2-2022 തീയതിയിലെ സ.ഉ.(സാധാ.) നം.1017/ 2022/ധന. പ്രകാരം 90,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-800-81—<u>കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം, 1999</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.3960 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 163)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2-2-2022 തീയതിയിലെ സ.ഉ.(സാധാ.) നം.622/ 2022/ധന. പ്രകാരം 1,19,38,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ.&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-800-78—<u>സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവ്വറിന്റെ മെയിന്റനൻസും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സോഷ്യൽ മീഡിയ സെൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിലവിലെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താനും പുറംജോലി സേവനം ആവശ്യമായി വരുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 164)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ.ഉ.(സാധാ.)നം.8009/2021/ധന. പ്രകാരം 102.41 ലക്ഷം രൂപയും 30-9-2021-ലെ സ.ഉ.(സാധാ.) നം.6428/2021/ധന. പ്രകാരം 100 ലക്ഷം രൂപയും '2220-60-106-93-ഔട്ട്ഡോർ പബ്ലിസിറ്റി ക്യാമ്പയിൻ' ശീർഷകത്തിൽ നിന്നും ഈ ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം മുഖേന അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

2220-60-800-77—<u>സുതാര്യകേരളം - ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ - ഇൻ-പ്രോഗ്രാം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ പ്രതിവാര ടെലിവിഷൻ പരിപാടി കൂടുതൽ ജനകീയമാക്കുന്നതിലെ പ്രക്ഷേപണ ചെലവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 165)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം, കോവിഡ് എന്നിവ മൂലം 2021-22 സാമ്പത്തിക വർഷം "നാം മുന്നോട്ട്" പരിപാടിയുടെ നിർമ്മാണവും സംപ്രേഷണവും നടന്നിരുന്നില്ല. അതിനാൽ അധികതുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

4220-60-101-63—<u>ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടാഗോർ തീയേറ്റർ വളപ്പിൽ നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാന ഇൻഫർമേഷൻ ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 166)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടാഗോർ തീയേറ്ററിൽ സ്ഥാപിച്ച ഇൻഫർമേഷൻ ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടി തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ&പി.ആർ.ഡി. തീയതി 19-4-2022)

<u>ശിപാർശ</u>

4859-02-004-96—<u>സൈബർ പാർക്ക്</u>

01—<u>സംസ്ഥാന സഹായം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൈബർ പാർക്ക് ക്യാമ്പസ്സിനകത്ത് കൂടിയുള്ള റോഡ് നിർമ്മാണത്തിനായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 167)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരം അധികതുക വകയിരുത്തുന്നതിന് ധനവകുപ്പിന് കൈമാറിയിരുന്നു. എന്നാൽ ധനവകുപ്പ് ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കുന്ന വിഷയം പരിഗണിക്കാമെന്ന് ഭരണവകുപ്പിനെ അറിയിച്ചിരുന്നു.

എന്നാൽ പ്രസ്തുത സ്ഥാപനം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീർന്നിരുന്നില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ IT-A1/156/2021-ITD, തീയതി 18-6-2022)

<u>ശിപാർശ</u>

4859-02-004-95—<u>വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നോപാർക്കിന്റെ ഘട്ടം I-ൽ റോഡ് ബലപ്പെടുത്തുന്നതിനുവേണ്ടിയും ഘട്ടം II-ൽ കോമ്പൗണ്ട് വാൾ, റെയിൻവാട്ടർ ഹാർവെസ്റ്റിംഗ്, എസ്.റ്റി.പി.

എന്നിവയ്ക്കുവേണ്ടിയും ഘട്ടം III-ൽ റോഡിനും തോട്ടുവഴി തിരിച്ചുവിടലിനും വേണ്ടിയും ഘട്ടം IV ആയ ടെക്നോസിറ്റിയിലെ ഇന്റേണൽ ആർട്ടീരിയൽ റോഡിനുവേണ്ടിയും ഘട്ടം V ആയ കൊല്ലം പാർക്കിൽ പ്ലഗ് & പ്ലേ ഫെസിലിറ്റി, പവർ ഇൻഫ്രാസ്ട്രക്ച്ചർ, സോളാർ പവർ പ്ലാന്റ് എന്നിവയ്ക്കുവേണ്ടിയും അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 168)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരം അധികതുക വകയിരുത്തുന്നതിന് ധനവകുപ്പിന് കൈമാറിയിരുന്നു. എന്നാൽ ധനവകുപ്പ് ബജറ്റ് വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കുന്ന വിഷയം പരിഗണിക്കാമെന്ന് ഭരണവകുപ്പിനെ അറിയിച്ചിരുന്നു.

എന്നാൽ പ്രസ്തുത സ്ഥാപനം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീർന്നിരുന്നില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ IT-A1/156/2021-ITD, തീയതി 18-6-2022)

<u>ശിപാർശ</u>

4859-02-004-94—<u>ഇൻഫോപാർക്കുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LAR കേസ്സുകളുടെ തീർപ്പുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ടി.ബി.സി. കലൂർ, ജ്യോതിർമയ ഐ.ടി. മന്ദിരം, ഇൻഫോപാർക്ക് തൃശ്ശൂർ, കൊരട്ടി എന്നിവയുടെ ഇന്റീരിയൽ ഫിറ്റൗട്ട് എന്നിവയ്ക്കും അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 37 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 169)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരം അധികതുക വകയിരുത്തുന്നതിന് ധനവകുപ്പിന് കൈമാറിയിരുന്നു. എന്നാൽ ധനവകുപ്പ് ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കുന്ന വിഷയം പരിഗണിക്കാമെന്ന് ഭരണവകുപ്പിനെ അറിയിച്ചിരുന്നു.

എന്നാൽ പ്രസ്തുത സ്ഥാപനം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീർന്നിരുന്നില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ IT-A1/156/2021-ITD, തീയതി 18-6-2022)

<u>ഭാഗം - 2</u>

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ ആകെ 172 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 136 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 36 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

| ശിപാർശ/ഖണ്ഡിക നമ്പർ | വകുപ്പ് |
|---|---|
| 4 | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 11 | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| 20 | ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് |
| 24-37, 40, 41, 45, 46, 48-51 | ആഭ്യന്തര (സി) വകുപ്പ് |
| 130-132, 146, 147 | അച്ചടിയും സ്റ്റേഷനറിയും വകുപ്പ് |
| 150-152 | ശാസ്ത്രസാങ്കേതിക വകുപ്പ് |
| 170-172 | ഗതാഗത (ഡി) വകുപ്പ് |

പിണറായി വിജയൻ,
*ചെയർമാൻ*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2022,ജൂലൈ 18.